16 (1748) കംപ്യൂട്ടറൈസേഷൻ മൂലം ചെലവു കുറയ്ക്കൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എഴുത്തുകുത്തുകൾ നടത്താൻ പ്രതിവർഷം ശരാശരി എത്ര രൂപയുടെ ഫോറങ്ങളും പേപ്പറുകളും ആവശ്യമുണ്ട്.

(ബി) കംപ്യൂട്ടറൈസേഷനിലൂടെ പ്രസ്തുത ചെലവു കുറയ്ക്കുവാൻ സാധിക്കുമോ എന്ന് ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ഉപയോഗത്തിനായി വിവിധ വകുപ്പുകൾക്കും പ്രസ്സുകൾക്കുമായി പ്രതിവർഷം ശരാശരി 6.58 കോടി രൂപയുടെ വിവിധയിനം പേപ്പറുകൾ ആവശ്യമുണ്ട്.

(ബി) നിർദ്ദേശം നിലവിലില്ല.

17 (1749) അന്തർ സംസ്ഥാന നികുതി നയം

ശ്രീ.പി.കെ.കെ.ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. കെ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നികുതി നയം നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം;

(ഡി) കേന്ദ്ര നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ സംസ്ഥാനത്തെ അത് ദോഷകരമായി ബാധിക്കുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന നികുതി നയം കേന്ദ്ര സർക്കാരാണ് രൂപീകക്കരിക്കുന്നത്.1956-ലെ കേന്ദ്രവില്പന നികുതി നിയമമാണ് ഇപ്പോൾ നിലവിലുള്ളത് അത് കേരളത്തിലും നടപ്പിലാക്കിവരുന്നു

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

18 (1750) വില്പനനികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എന്തു തുക വീതം വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുക്കാനാണ് പരിപാടിയിട്ടിരുന്നത്;

(ബി) അതിൽ ഓരോ വർഷവും എന്തു തുക വീതം പിരിച്ചെടുത്തു;

(സി) വില്പനനികുതിപിരിവിൽ കുറവുണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ)

വർഷം	തുക (കോടിയിൽ)
1996-97	2500.00
1997-98	3276.00
1998-99	3828.00
1999-2000	4144.10

(ബി)

വർഷം	തുക (കോടിയിൽ)
1996-97	2753.69
1997-98	3106.79
1998-99	3387.93

(സി) 1. പൊതുവായ സാമ്പത്തിക മാന്ദ്യം, റബറിന്റെ വിലയിടിവ്, കെട്ടിടനിർമ്മാണത്തിലും വ്യാപാര വ്യവസായ രംഗത്തുള്ള മാന്ദ്യം തുടങ്ങിയവ

2. കോടതികളുടെയും മറ്റും സ്റ്റേ നടപടികൾ മൂലം നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ തടസ്സം നേരിടുന്നു.

19 (1751) മോട്ടോർ വാഹന വകുപ്പിലെ നികുതി വരുമാനം

ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ 1998-99 വർഷത്തിൽ ലക്ഷ്യം ഇട്ടിരുന്ന നികുതി വരുമാനം എത്രയാണ്;

(ബി) ലക്ഷ്യം ഇട്ടിരുന്ന മുഴുവൻ സംഖ്യയും പിരിഞ്ഞു കിട്ടിയോ;

(സി) ഇല്ലെങ്കിൽ പിരിഞ്ഞുകിട്ടിയ തുക എത്ര;

(ഡി) ലക്ഷ്യം ഇട്ടതുക മുഴുവൻ പിരിഞ്ഞുകിട്ടാതിരിക്കുവാനുള്ള കാരണം എന്താണ്;

(ഇ) ബഡ്ജറ്റ് വർഷംതന്നെ ലക്ഷ്യം ഇട്ട തുക പിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

ഉത്തരം

(എ) 450 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly